**കേരളം സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**
**KEAM - 2026**
**ഫാർമസി കോഴ്സിലേയ്ക്കുള്ള സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ്**
**പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ അവസരം**

2026-27 അദ്ധ്യയന വർഷത്തെ ഫാർമസി കോഴ്സിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള ഫാർമസി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിനായി **14.09.2026, 10:00 AM വരെ** ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഓൺലൈൻ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Stray Vacancy Option Registration'** എന്ന മെനു ക്ലിക്ക് ചെയ്ത് ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രക്രിയയിൽ ഉണ്ടാകാനിടയുള്ള എല്ലാ ഒഴിവുകളും ഈ ഘട്ടത്തിൽ തന്നെ നികത്തപ്പെടുമെന്നതിനാൽ താത്പര്യമുള്ള എല്ലാ കോളേജിലേയ്ക്കും ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകളിൽ മാത്രം ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**താത്കാലിക അലോട്ട്മെന്റ് ഷെഡ്യൂൾ**

| | |
|---|---|
| 11.09.2026 | ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിക്കുന്നു. |
| 14.09.2026, 10:00 AM | ഓപ്ഷൻ രജിസ്ട്രേഷൻ അവസാനിക്കുന്നു. |
| 15.09.2026 | താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 16.09.2026 | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 17.09.2026 to | അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക |

| | |
|---|---|
| 19.09.2026, 3:00 PM | (ബാധകമെങ്കിൽ) ഒടുക്കി അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ പ്രവേശനം നേടാനുള്ള സമയം |

**<u>രജിസ്ട്രേഷൻ ഫീസ്</u>**

- മുൻ അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച ശേഷം പ്രവേശനം നേടാത്തവരും, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് വാങ്ങിയവരും, സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പുതിയതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും ഓപ്ഷൻ രജിസ്ട്രേഷൻ ഫീസായി 2,000/- രൂപ (രണ്ടായിരം രൂപ) ഓൺലൈനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യ തൊഴിലാളികളുടെ മക്കൾ/ OEC യ്ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ 20.06.2005 തീയതിയിലെ G.O(MS)No.25/2005/SCSTDD, G.O(MS)No.10/20148/BCDD തീയതി 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്ര ഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവയിലെ വിദ്യാർത്ഥികളും 500/- രൂപ രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ തുക ഫീസിനത്തിൽ വകയിരുത്തുന്നതാണ്. സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് പ്രവേശന നടപടികൾ അവസാനിച്ചശേഷം തിരികെ നൽകുന്നതാണ്.
- സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചശേഷം നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് പെനാൽറ്റിയായി കണക്കാക്കുന്നതും തിരികെ നൽകുന്നതുമല്ല.
- മുൻ ഘട്ടങ്ങളിൽ സർക്കാർ/സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടിയവർക്കും, അലോട്ട്മെന്റിനു ശേഷം പ്രവേശനം നേടാത്തവർക്കും, പ്രവേശനത്തിനു ശേഷം ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് വാങ്ങിയവർക്കും, ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവർക്കും ഈ സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രക്രിയയിൽ പങ്കെടുക്കാം.

സ്ട്രേ വേക്കൻസി അലോട്ട്മെന്റ് വഴി അലോട്ട്മെന്റ് ലഭിച്ചാൽ നിലവിലുള്ള പ്രവേശനം നഷ്ടപ്പെടും. പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ട്രാൻസ്ഫർ മൂലം പുതുതായി വരുന്ന ഒഴിവുള്ള സീറ്റുകളും ഈ അലോട്ട്മെന്റിൽ നികത്തുന്നതിനാൽ, അപേക്ഷകർക്ക് താൻ ചേരാൻ ആഗ്രഹിക്കുന്ന

എല്ലാ കോളേജുകളിലേക്കും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം. മുൻ അലോട്ട്മെന്റുകളിൽ അപേക്ഷ നൽകിയ ഓപ്ഷനുകൾ ഓൺലൈൻ സ്ട്രേ വേക്കൻസി അലോട്ട്മെന്റിന് പരിഗണിക്കില്ല. നിശ്ചിത സമയത്തിനുള്ളിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ ഈ അലോട്ട്മെന്റിന് പരിഗണിക്കില്ല.അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ, അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിരിക്കുന്ന ഫീസ് അവർ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അടച്ചതിന് ശേഷം പ്രവേശനം നേടണം.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487**

തിരുവനന്തപുരം
11-09-2026

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Digitally signed by
AFSANA PERWEEN I A S
Date: 11-09-2026
13:26:21